എസ് പി 2/20585/2018/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തിയ്യതി 20.04.2018

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.

വിഷയം: പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം - സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ വൃക്ഷത്തൈ നടുന്ന പദ്ധതി നടപ്പിലാക്കുന്നത്-സംബന്ധിച്ച്.

സൂചന: 19.04.2018 ന് പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനങ്ങൾ.

26/4
AS

2018 ജൂൺ 5 ന് പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എല്ലാ സ്കൂൾ വിദ്യാർത്ഥികളും സ്കൂൾ പരിസരങ്ങളിലും കുട്ടികളുടെ വീടുകളിലും ഫലവൃക്ഷങ്ങളായ പ്ലാവ്, മാവ്, കശുമാവ്, പുളി തുടങ്ങിയവ വെച്ച് പിടിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനമെടുത്ത് പ്രവർത്തനങ്ങൾ നടക്കുകയാണ്. ആയത് പ്രാവർത്തികമാക്കുന്നതിലേക്ക് സ്കൗട്ട്&ഗൈഡ്സ്, എസ്.പി.സി, ജൂനിയർ റെഡ് ക്രോസ് തുടങ്ങിയവയുടെ സഹായത്തോടെ ഏപ്രിൽ മാസം 24 ന് എല്ലാ ജില്ലകളിലും ഫലവൃക്ഷ ചെടികൾ മുളപ്പിച്ച് എടുക്കുന്നതിനുവേണ്ട വിത്തുകൾ നടുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

26/4

എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും തങ്ങളുടെ മേഖലയിലുള്ള സ്കൗട്ട്&ഗൈഡ്സ്, എസ്.പി.സി, ജൂനിയർ റെഡ് ക്രോസ് തുടങ്ങിയവയുടെ ജില്ലയിലെ പ്രതിനിധികളെ ഉൾക്കൊള്ളിച്ച് 23.04.2018 ന് യോഗം ചേർന്ന് 24.04.2018 ന് തന്നെ വിത്തുനടീൽ പ്രവർത്തനം ആരംഭിക്കേണ്ടതാണ്. സംസ്ഥാനതല തീരുമാനമനുസരിച്ച് സ്കൗട്ട്&ഗൈഡ്സ് 40 ലക്ഷം, എസ്.പി.സി 12 ലക്ഷം, ജൂനിയർ റെഡ്ക്രോസ് 8 ലക്ഷം എന്ന കണക്കിലാണ് ചെടികൾ ഉത്പാദിപ്പിക്കുന്നത്.

മേൽ പ്രതിപാദിച്ച രീതിയിൽ പരിപാടികൾ ആസൂത്രണം ചെയ്ത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ മാതൃകാപരമായ പ്രവർത്തനം കാഴ്ചവെയ്ക്കുമെന്ന പ്രതീക്ഷയോടെ ആശംസകൾ നേരുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർ(ഇൻചാർജ്ജ്)

പകർപ്പ്: ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ സ്കൂൾ പ്രഥമധ്യാപകർക്കും(ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാർ മുഖാന്തിരം)